# ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ

## ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്

## തിരുവനന്തപുരം

website: www. Forest.kerala.gov.in, Email: fibnews@gmail.com, Ph. 0471- 2529145

# പത്രക്കുറിപ്പ്

തീയതി: 02.09.2019

**വന്യ ജീവി ആക്രമണം**
**ഉൾക്കാട്ടിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കും:**
**മന്ത്രി അഡ്വ കെ രാജു.**

മനുഷ്യ-വന്യജീവി ആക്രമണംരൂക്ഷമായ സാഹചര്യത്തിൽ ഉൾക്കാടുകളിൽ താമസിക്കന്ന ആദിവാസികളടക്കമുള്ളവരെ പുനരധിവാസിപ്പിക്കാനായി നടപടികൾ സ്വീകരിച്ചു വരികയാണെന്ന് വനം വന്യജീവി വകുപ്പ് മന്ത്രി അഡ്വ.കെ രാജു.

വന്യമൃഗ ആക്രമണങ്ങൾ തടയുന്നതിനു പുറമേ വനത്തിനുള്ളിൽ വന്യമൃഗങ്ങൾക്ക് സ്വൈര്യജീവിതം ഉറപ്പുവരുത്തുന്നതിനും ഉൾക്കാടുകളിൽ നിലവിലുള്ള സെറ്റിൽമെന്റുകളിൽ താമസിക്കുന്നവരെ വനമേഖലയിലെ അതിർത്തി പ്രദേശങ്ങളിലേക്ക് പുനരധിവസിപ്പിക്കുന്നതിന് നടപടികൾ ഊർജ്ജിതമാക്കേണ്ടതുണ്ട്. ഇതിനായി 200 കോടി രൂപ കേന്ദ്ര സഹായം ആവശ്യപ്പെട്ടതായും അദ്ദേഹം പറഞ്ഞു. ചാലക്കുടി എസ് എൻ ജി ട്രസ്റ്റ് ഓഡിറ്റോറിയത്തിൽ തൃശ്ശൂർ ജില്ലാ വന അദാലത്ത് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി.

ഉൾവനങ്ങളിലെ സെറ്റിൽമെന്റുകളിൽ താമസിക്കുന്ന കുടുംബങ്ങൾ വൻതോതിൽ വന്യജീവി ആക്രമണങ്ങൾക്ക് വിധേയമാകുന്നുണ്ട്. ഇത്തരത്തിൽ 25000 ത്തോളം കുംടുബങ്ങളാണ് ഉൾവനങ്ങളിൽ കഴിയുന്നത്. ഇവരുടെ പുനരധിവാസത്തിനുള്ള തുക 10 ലക്ഷത്തിൽ നിന്നും 20 ലക്ഷമായി ഉയർത്തണമെന്നും കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പുമന്ത്രി പ്രകാശ് ജാവ് ദേക്കറോട് ആവശ്യപ്പെട്ടതായി അദ്ദേഹം അറിയിച്ചു. വനാശ്രിതരുടെ എല്ലാ അവകാശങ്ങളും സംരക്ഷിച്ചുകൊണ്ടാണ് വനാതിർത്തി പ്രദേശങ്ങളിലേക്ക് ഇവരെ മാറ്റിപ്പാർപ്പിക്കുക. പുനരധിവാസത്തിന് സ്വയം സന്നദ്ധത പ്രകടിപ്പിക്കുന്നവരുടെ കാര്യം മാത്രമാണ് പരിഗണിക്കുകയെന്നും മന്ത്രി വ്യക്തമാക്കി. വന്യജീവികൾക്ക് ഉൾവനങ്ങളിൽ ജലലഭ്യത ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. അതിർത്തി വേർതിരിച്ച് കൂടുതൽ ശക്തമായ സുരക്ഷിത വേലികൾ കെട്ടുന്ന പ്രവൃത്തികൾ നടന്നു വരുന്നതായും അദ്ദേഹം പറഞ്ഞു. പട്ടയ ഭൂമിയിൽ ഉടമകൾ സ്വന്തമായി നട്ടു വളർത്തുന്ന മരങ്ങളുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് വ്യവസ്ഥകളിൽ മാറ്റം വരുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണെന്നും അദ്ദേഹം അറിയിച്ചു

ബി.ഡി. ദേവസ്സി എൽ. എ. അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ പി. സി. സി. എഫ്. ദേവേന്ദ്രകുമാർ വർമ്മ, സി. സി. എഫ്. രാജേഷ് രവീന്ദ്രൻ, ഡി. എഫ്. ഒ. മാരായ എൻ മായ എസ്. വി. വിനോദ്, എ രഞ്ജൻ പീച്ചി വൈൽഡ് ലൈഫ് വാർഡൻ എൻ രാജേഷ് ത്രിതല പഞ്ചായത്ത് ജനപ്രതിനിധികൾ വിവിധ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ സംബന്ധിച്ചു.

ഡോ. അഞ്ചൽ കൃഷ്ണകുമാർ
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ